**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4179** | | **20.03.2018-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എം.സ്വരാജ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ മഴക്കാലപൂർവ്വ ശുചീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.<br>ആരോഗ്യ ജാഗ്രത; പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 - മാർഗ്ഗ നിർദ്ദേശങ്ങൾ 22/01/2018 ലെ 17/ഡി.സി1/18/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിലെ നിർദ്ദേശങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.<br>കൊതുകുകളുടെ ഉറവിടം കണ്ടെത്തി നശീകരണം നടത്തുക, ഭവനസന്ദർശനം നടത്തി ബോധവൽക്കരണം നടത്തുക, Dry day ആചരണം, പൊതു സ്ഥലങ്ങളുടെ ശുചീകരണം, മൈക്രോ പ്ലാൻ തയ്യാറാക്കൽ, ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകൽ, വാർഡ് സാനിട്ടേഷൻ കമ്മിറ്റിയുടെ പുനസംഘടന എന്നിവയാണ് 'ആരോഗ്യ ജാഗ്രത' യുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | സമയബന്ധിതമായും കൃത്യമായും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ബി) | വർഷം മുഴുവൻ നീണ്ട് നിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ളത്. ടി പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ